## അദ്ധ്യായം ഇരുപത്തിര്

# ആത്മാവിനാൽ നയിക്കപ്പെടുന്നതെങ്ങനെ

**(How to be Led by the Spirit)**

വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനുള്ള പങ്കിനെക്കുറിച്ച് യേശു നൽകിയ വാഗ്ദത്തങ്ങൾ യോഹന്നാൻ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ട്. അവയിൽ ചിലത് നമുക്ക് നോക്കാം.

> എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേതിന് നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴിയുകയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊ് അവനെ അറിയുന്നു (യോഹ 14:16-17).

> എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കേയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹ 14:26).

> എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. ....... ഇനിയും വളരെ നിങ്ങളോടു പറവാൻ ഉ്; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊു എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതു ഒക്കേയും എനിക്കുള്ളതു; അതുകൊത്രെ അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിച്ചുതരും എന്നു ഞാൻ പറഞ്ഞത് (യോഹ 16:7, 12-15).

പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കും എന്നു യേശു ശിഷ്യന്മാർക്ക് വാഗ്ദത്തം കൊടുത്തു. പരിശുദ്ധാത്മാവ് അവരെ സഹായിക്കും, ഉപദേശിക്കും, വഴിനടത്തും സംഭവിക്കാനുള്ളത് വെളിപ്പെടുത്തും. നാമും യേശുവിന്റെ ശിഷ്യന്മാർ ആകകൊ് ആ വാഗദത്തം ഇന്ന് നമുക്കും അവകാശപ്പെട്ടതാണ്.

ഞാൻ പോകുന്നത് നിങ്ങൾക്കു നല്ലതു, അല്ലെങ്കിൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. യേശു അവരോടൊപ്പം ആയിരുന്നപ്പോൾ അവർക്കു ലഭിച്ച കൂട്ടായ്മ പരിശുദ്ധാത്മാവിൽ ആവർത്തിക്കുമെന്ന ഉറപ്പാണ് യേശു അവർക്കു കൊടുത്തത്. തന്മൂലം ശിഷ്യന്മാർക്ക് യേശുവിനോടൊപ്പം അവർ ആയിരുന്നപ്പോൾ ലഭിച്ചതിനേക്കാൾ വളരെ നന്മ ഈ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവിൽനിന്നു ലഭിച്ചു. പരിശുദ്ധാത്മാവിലൂടെ യേശു എപ്പോഴും നമ്മോടുകൂടെയും നമ്മുടെ ഉള്ളിലും ആയിരിക്കുന്നു.

പരിശുദ്ധാത്മാവ് നമ്മെ എങ്ങനെ നയിക്കണമെന്നാണ് നാം കരുതുന്നത്? പരിശുദ്ധാത്മാവിന്റെ പ്രാഥമിക ചുമതലതന്നെ വിശുദ്ധിയിലും അനുസരണയിലും നമ്മെ ദൈവത്തിങ്കലേക്കു നയിക്കുകയെന്നുള്ളതാണ്. ദൈവത്തിന്റെ ഇഷ്ടം നിവൃത്തിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്നത് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലുള്ള കാര്യമാണ്. യേശുവിന്റെ കല്പനകളെ പ്രമാണിച്ച് നമ്മുടെ വിളിക്കുയോഗ്യമായ രീതിയിൽ ശുശ്രൂഷചെയ്യാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ വിശുദ്ധിയുടെ ആഴമനുസരിച്ചാണ് നമ്മുടെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം വെളിപ്പെടുന്നത്. പരിശുദ്ധാത്മാവും വിശുദ്ധിയും പരസ്പരപൂരകങ്ങളാണ്. ശുശ്രൂഷയിൽ അത്ഭുതങ്ങളുടെ കലവറകൾ തുറക്കാൻ പലശുശ്രൂഷകരും പരിശുദ്ധാത്മാവിനോട് അപേക്ഷിക്കാറ്; എന്നാൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന് അനിവാര്യമായ വിശുദ്ധിയുടെ കാര്യത്തിൽ അവർ അല്പം പോലും പരിഗണന നൽകാറില്ല. ഇതൊരു വലിയ പോരായ്മയാണ്. യേശു തന്റെ ശിഷ്യന്മാരെ പരിപാലിച്ചത് എങ്ങനെയാണ്? വിശുദ്ധിയെക്കുറിച്ച് പ്രാഥമികമായി യേശു അവരെ പഠിപ്പിച്ചിരുന്നു. താരതമ്യപ്പെടുത്താൻ കഴിയുന്നതിന്നും അപ്പുറം ഉന്നതമായ ഒരു നിലവാരത്തിലായിരുന്നു യേശുവിന്റെ ശുശ്രൂഷാമണ്ഡലം. നമ്മിൽ അധിവസിക്കാൻ ഇച്ഛിക്കുന്ന പരിശുദ്ധാത്മാവ്, വിശുദ്ധിയുടെ ഉന്നതമായ ഒരു മണ്ഡലം നമ്മിൽ പ്രതീക്ഷിക്കുന്നു. ആത്മാവിനാൽ നയിക്കപ്പെടാൻ ഒരുവൻ ആഗ്രഹിക്കുന്നെങ്കിൽ വിശുദ്ധി അനിവാര്യമാണെന്ന് മറന്നുപോകരുത്.

പൗലോസ് എഴുതി: ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു (റോമ 8:14) ദൈവത്തന്റെ ആത്മാവുള്ളവരാണ് ദൈവത്തിന്റെ മക്കൾ. ദൈവമക്കളെല്ലാം ദൈവാത്മാവിനാൽ നടത്തപ്പെടുന്നവരാണ്. ദൈവ മക്കൾ ആത്മാവിന്റെ നിയന്ത്രണത്തിന് പൂർണ്ണമായി വിധേയപ്പെട്ട് ജീവിക്കണം.

പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ വഴിനടത്തുന്നത് എങ്ങനെയെന്ന് പഠിപ്പിക്കേകാര്യമില്ല കാരണം ഒരു വിശ്വാസിയെ വഴി നടത്തുന്നത് പരിശുദ്ധാത്മാവാണെന്ന് എല്ലാവിശ്വാസികൾക്കും അറിയാം. പിശാച് ദൈവമക്കളെ വഴിതെറ്റിക്കാൻ ഇപ്പോഴും പരിശ്രമിച്ചുകൊിരിക്കുന്നു. ദൈവത്തിന്റെ ഇച്ഛയ്ക്ക് എതിരായി പ്രവർത്തിക്കാൻ പ്രലോഭിപ്പിക്കുന്ന ജഡത്തിന്റെ വൈകാരികത ഇപ്പോഴും മനുഷ്യനിൽ ് . ഒരു വിശ്വാസി യഥാർത്ഥആത്മിക നേതൃത്വത്തെ

വിവേചിച്ചറിയണം. അത് പക്വതയുടെ ഒരു പാഠമാണ്. എന്നാൽ അടി സ്ഥാനപരമായ സത്യം ഇതാണ്. ''പരിശുദ്ധാത്മാവ് നമ്മെ എഴുതപ്പെട്ട വചന ത്തിലൂടെ നയിക്കും, ദൈവത്തിന് ഇഷ്ടപ്പെട്ടതും മഹത്വം ലഭിക്കുന്നതും, ശരിയായിട്ടുള്ളതും ആയ കാര്യങ്ങൾ ചെയ്യാൻ നമ്മെ സഹായിക്കും'' (യോഹ 16:14).

## പരിശുദ്ധാത്മാവിന്റെ ശബ്ദം
## (The Voice of the Holy Spirit)

ദർശനം, പ്രവചനം, ദൈവിക ശബ്ദം മുതലായ വ്യക്തമായ മാർഗ്ഗ ത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു. ദൈവാത്മാവ് നമ്മുടെ ആത്മാവിനെ ആശയവിനിമയത്തിലൂടെ ആത്മാവിന്റെ പാതയിലേക്കു നയി ക്കുന്നു.

നമ്മുടെ ആത്മാവിന്റെ ഈ ശബ്ദത്തെ മനസാക്ഷി എന്നുവിളിക്കാം. എല്ലാ വിശ്വാസികളും അവരുടെ ആത്മാവിന്റെ ഈ ശബ്ദത്തെ തിരിച്ചറി യുന്നു. ഒരു പാപപ്രവർത്തിചെയ്യാൻ പ്രേരിതനാകുമ്പോൾ, ''ആ പാപത്തിന് കീഴ്പ്പെടരുത്'' എന്നൊരു ശബ്ദം കേട്ടെന്നു വരികയില്ല, എന്നാൽ ആ പാപ പ്രവൃത്തി ചെയ്യരുതെന്ന് ഉള്ളിൽനിന്ന് നിരന്തരമായ വിലക്ക് വന്നുകൊിരി ക്കും. പ്രലോഭനത്തിന് അടിമപ്പെട്ട് പാപം ചെയ്ത് കഴിഞ്ഞാൽ ''നീ പാപം ചെയ്തു, നീ പാപം ചെയ്തു'' എന്നൊരു ശബ്ദം കേൾക്കുകയില്ല. ഉള്ളിൽ പാപബോധം ഉാകും, അത് അനുതാപത്തിലേക്കും ഏറ്റുപറച്ചിലി ലേയ്ക്കും നമ്മെ നയിക്കും.

ഇതുപോലെ ആത്മാവും നമ്മെ സകലസത്യത്തിലേക്കും വഴി നട ത്തും. നമ്മുടെ ഉള്ളിൽ വചനത്തിന്റെ ഒരു വെളിപ്പാട് ലഭിക്കും (മിക്കപ്പോഴും വേദപുസ്തകത്തിലെ ഒരു വചനഭാഗമായിരിക്കും). ലഭിച്ച ഈ വെളിപ്പാട് ഒരുവനോടു പങ്കുവെയ്ക്കാൻ പത്തുമിനിട്ടുവേിവന്നേക്കാം, എന്നാൽ കേൾക്കുന്നവർ നിമിഷാർദ്ധത്തിൽ ആത്മാവിൽ നിറയും.

ശുശ്രൂഷയുടെ കാര്യത്തിലും പരിശുദ്ധാത്മാവ് നമ്മെ ഇങ്ങനെതന്നെ നയിക്കും. പരിശുദ്ധാത്മാവിന്റെ ഉൾവിളികൾക്ക് നാം വിധേയപ്പെടണം. ക്രമേണ നാം (കഷ്ടപ്പെട്ടും കാത്തിരുന്നും) പരിശുദ്ധാത്മാവിനെ പിൻപറ്റി ശുശ്രൂഷക്ക് ആവശ്യമായവ പ്രാപിക്കുവാൻ തുടങ്ങും. നമ്മുടെ ചിന്തകൾ (യുക്തിയുള്ള ചിന്തകളും, യുക്തിവിരുദ്ധമായ ചിന്തകളും) ഹൃദയത്തിൻ കട ക്കുകയും (ആത്മാവ് നമ്മെ നയിക്കുമ്പോൾ) ദൈവത്തിന്റെ ഹിതത്തിന് വിവപീതമായി എന്തെങ്കിലും ചെയ്താൽ നാം തെറ്റുകൾ ചെയ്യുന്നു എന്ന് ന മ്മെ ബോധ്യപ്പെടുത്തുകയും ചെയ്യും.

## ആത്മാവ് യേശുവിനെ നടത്തിയത് എങ്ങനെയാണ്
## (How the Spirit Led Jesus)

യേശു പരിശുദ്ധാത്മാവിനാൽ വഴിനടത്തപ്പെട്ടു. ഉദാഹരണമായി യോഹന്നാനാൽ യേശു സ്നാനപ്പെട്ടപ്പോൾ പരിശുദ്ധാത്മാവ് യേശുവിൽ എങ്ങനെ പ്രവർത്തിച്ചുവെന്ന് വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നു.

> അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്കുപോകുവാൻ നിർബന്ധിച്ചു (മർക്കോ 1:12).

യേശു മരുഭൂമിയിലേക്കു നയിക്കപ്പെട്ടു. ഒരു ശബ്ദം കേട്ടിട്ടോ, ഒരു ദർശനം കിട്ടോ അല്ല യേശു മരുഭൂമിയിലേക്കു പോയത്. ആത്മാവ് പോകാൻ നിർബന്ധിച്ചു. ഇങ്ങനെയാണ് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നത്. ചിലകാര്യങ്ങൾ ചെയ്യുവാൻ ഒരു പ്രേരണ, ഒരു ബോധ്യപ്പെടുത്തൽ, ഒരു നടത്തിപ്പ് നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവ് തരും.

മേൽക്കൂര പൊളിച്ച് യേശുവിന്റെ ചാരത്തേക്ക് ഇറക്കിവയ്ക്കപ്പെട്ട പക്ഷവാതരോഗിയോടു അവന്റെ പാപങ്ങൾ ക്ഷമിച്ചു തന്നിരിക്കുന്നു എന്നു യേശു പറഞ്ഞു. അവിടെകൂടിയിരുന്ന പരീശന്മാർ യേശുവിന്റെ വാക്കുകളെ ദൈവനിന്ദയായി പരിഗണിക്കുമെന്ന് യേശുവിന് അറിയാമായിരുന്നു. പരീശന്മാരുടെ ചിന്തയെ യേശു എങ്ങനെയാണ് അറിഞ്ഞത്? സുവിശേഷത്തിൽ നാം വായിക്കുന്നു.

> ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നത് യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു. അവരോടു: നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? (മർക്കോ 2:8).

പരീശന്മാർ ചിന്തിക്കുന്നത് എന്ത് എന്ന് യേശു ഗ്രഹിച്ചു. നമ്മൾ ആത്മാവിൽ ബോധമുള്ളവരാണെങ്കിൽ ദൈവപ്രവർത്തിക്കു എതിരായി ഉയരുന്ന ചോദ്യങ്ങൾക്കു ഉത്തരം കൊടുക്കാൻ നമുക്കും കഴിയും.

## പൗലോസിന്റെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് (The Spirit's Leading inthe Ministry of Paul)

ഇരുപതുവർഷത്തോളം ആത്മികശുശ്രൂഷചെയ്ത അപ്പൊസ്തലനായ പൗലോസിന് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെക്കുറിച്ച് നല്ല ജ്ഞാനമുായിരുന്നു. ഭാവിയിൽ താൻ ചെയ്യേ ശുശ്രൂഷയുമായി ബന്ധപ്പെട്ട് സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ ഒരു പരിധിവരെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തികൊടുത്തിരുന്നു. വരുന്ന മൂന്നു വർഷത്തേക്ക് താനും തന്റെ ശുശ്രൂഷയും അഭിമുഖീകരിക്കേ അവസ്ഥയെക്കുറിച്ച് പൗലോസിന് വ്യക്തമായ ബോദ്ധ്യമുായിരുന്നു.

> ഇതു കഴിഞ്ഞിട്ട് പൗലോസ് മെക്കേദോന്യയിലും അഖായയിലും കൂടി കടന്നു യെരുശലേമിലേക്കും പോകേണം എന്നു മനസ്സിൽ നിശ്ചയിച്ചു. ഞാൻ അവിടെ ചെന്നശേഷം റോമയും കാണേണം എന്നു പറഞ്ഞു (അപ്ര 19:21).

പൗലോസിന് ഈ നിർദ്ദേശം ലഭിച്ചത് മനസ്സിൽ നിന്നല്ല, ആത്മാവിൽ നിന്നാണ്. ആദ്യം മാസിഡോണിയയിലേക്കും തുടർന്ന് ആസ്യയിലേക്കും പോകുവാൻ പൗലോസിനെ പ്രേരിപ്പിച്ചതും നടത്തിയതും പരിശുദ്ധാത്മാവായിരുന്നു. പൗലോസിന്റെ മൂന്നാം മിഷനറിയാത്രയെക്കിറുച്ചുള്ള വിവരണം തരുന്ന മാപ്പ് നിങ്ങളുടെ വേദപുസ്തകത്തിൽ ഉങ്കെിൽ അതിൽനിന്നും പൗലോസ് എഫസോസിൽ നിന്നും (അവൻ ഉള്ളിൽ എടുത്ത തീരുമാനം) മാസിഡോണിയയിലേക്കും അവിടെനിന്ന് ആസ്യയിലേക്കും തുടർന്നു യറുശലേമിലേക്കും വർഷങ്ങൾക്കുശേഷം റോമിലേക്കും പോയി എന്ന് മനസ്സിലാക്കാൻ കഴിയും.

പൗലോസ് മാസിഡോണിയായിൽനിന്ന് ആസ്യയിലേക്കും, ഏജിയൻ കടൽ ചുറ്റി മടങ്ങി വന്നിട്ട് വീും ഏജിയൽ കടൽ തീരത്തുകൂടി ഏഷ്യാമൈനാർ തീരത്ത് എത്തി. ആ യാത്രാമദ്ധ്യത്തിൽ മിലിട്ടസ് പട്ടണത്തിൽ തങ്ങി എഫസോസിലെ സഭാ മൂപ്പന്മാരെ സന്ദർശിച്ച് വിടവാങ്ങൽ സന്ദേശം നൽകി.

> ഇപ്പോൾ ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യറുശലേമിലേക്കുപോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവു പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല (അപ്ര: 20: 22–23).

''ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി'' എന്ന് പൗലോസ് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്തെന്നാൽ യറുശലേമിലേക്കു പോകണമെന്ന് ആത്മാവിൽ അവന് പ്രേരണയുായി എന്നാണ്. യറുശലേമിൽ എത്തുമ്പോൾ എന്തു സംഭവിക്കുമെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ചിത്രം പൗലോസിനില്ലായിരുന്നു എന്നാൽ അവൻ യാത്രാവേളയിൽ എത്തുന്ന ദേശത്തൊക്കേയും എതിർപ്പും ചങ്ങലയും അവനെ കാത്തിരിക്കുന്നു എന്ന് ആത്മാവ് സാക്ഷ്യം പറഞ്ഞു. യറുശലേമിൽ എതിർപ്പും ചങ്ങലയും പൗലോസിനെ കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് എങ്ങനെയാണ് സാക്ഷി പറഞ്ഞത്.

### രു ഉദാഹരണങ്ങൾ
### (Two Examples)

ഈ ചോദ്യത്തിന് ഉത്തരംതരുന്ന രുസംഭവങ്ങൾ അപ്പൊസ്തല പ്രവൃത്തി 21–ാം അദ്ധ്യായത്തിൽ നമുക്കുകാണാം. ആദ്യത്തേത്, പൗലോസ് മാസിഡോണിയ തീരത്തുള്ള ടയർ എന്ന പട്ടണത്തിൽ എത്തിയപ്പോഴാണ്.

> ഞങ്ങൾ ശിഷ്യന്മാരെ കത്തെി, ഏഴുനാൾ അവിടെ പാർത്തു അവർ പൗലോസിനോടു യെരുശലേമിൽ പോകരുതു എന്നു ആത്മാവിനാൽ പറഞ്ഞു (അപ്ര. 21:4).

ഈ വചനത്തെചുറിയാണ് ചില വ്യാഖ്യാതാക്കൾ പൗലോസ് പരിശുദ്ധാത്മാവിനെ ധിക്കരിച്ച് യറുശലേമിലേക്കു പോയി എന്നു പറഞ്ഞിട്ടുള്ളത്.

അപ്പൊസ്തല പ്രവൃത്തിയുടെ പുസ്തകത്തിൽനിന്നും തുടർന്നു ലഭിക്കുന്ന വിവരണത്തിന്റെ വെളിച്ചത്തിൽ ഇത് ശരിയാണെന്നു ധരിക്കുവാൻ കഴിയുകയില്ല. തുടർന്നുവരുന്ന സംഭവങ്ങൾ ഇതു വെളിപ്പെടുത്തുന്നു.

ടയറിലുള്ള ശിഷ്യന്മാർ ആത്മിക തീഷ്ണതയുള്ളവരും യറുശലേമിൽ പൗലോസിന് പീഡനം അനുഭവിക്കേിവരുമെന്നു മുൻകൂട്ടി ഗ്രഹിച്ചവരുമായിരുന്നു. ഈ തിക്താനുഭവങ്ങളെ മുൻകൂട്ടി അറിഞ്ഞതുകൊാണ് അവർ പൗലോസിനെ യറുശലേം യാത്രയിൽ തടഞ്ഞത്. ആത്മാവ് അവരെ ബോദ്ധ്യപ്പെടുത്തിയതുകൊ് യറുശലേമിൽ കാലുകുത്തരുതെന്ന് അവർ പൗലോസിന് മുന്നറിയിപ്പുനൽകിയെന്ന് വില്യംസിന്റെ പുതിയ നിയമവിവർത്തനം വെളിപ്പെടുത്തുന്നു.

ഈ മുന്നറിയിപ്പുകൾ ഉായിരുന്നിട്ടും പൗലോസ് തന്റെ യാത്ര മുടക്കിയില്ല.

ആത്മാവിൽ നാം പ്രാപിക്കുന്ന വെളിപ്പാടുകൾക്ക് നമ്മുടെതായ വ്യാഖ്യാനങ്ങൾ കൊടുക്കരുതെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. യറുശലേമിൽ പീഡനം അനുഭവിക്കേിവരുമെന്ന് പൗലോസിന് അറിയാമായിരുന്നു. എന്നാൽ അത് ദൈവത്തിന്റെ ഇഷ്ടമാണെന്നു പൗലോസ് അറിഞ്ഞിരുന്നു. പരിശുദ്ധാത്മാവിലൂടെ ദൈവം നമുക്ക് വെളിപ്പാടുതന്നാൽ, പരിശുദ്ധാത്മാവിന്റെ ഇച്ഛക്ക് എതിരായിട്ടുള്ള നമ്മുടെ വ്യാഖ്യാനം അതിൽ കലർത്താൻ ശ്രമിക്കരുത്.

## കൈസര്യ യാത്രമുടക്കുന്നു
## (Caesarea Stop Over)

യറുശലേമിലേക്കുള്ള യാത്രയിൽ പൗലോസ് കൈസര്യയിൽ എത്തി.

> ഞങ്ങൾ അവിടെ വളരെ ദിവസം പാർത്തിരിക്കുമ്പോൾ അഗബോസ് എന്ന ഒരു പ്രവാചകൻ യഹൂദ്യയിൽനിന്നു വന്നു. അവൻ ഞങ്ങളുടെ അടുക്കൽ വന്നു. പൗലോസിന്റെ അരക്കച്ച എടുത്തു തന്റെ കൈകാലുകളെ കെട്ടി; ഈ അരക്കച്ചയുടെ ഉടമസ്ഥനെ യഹൂദന്മാർ യറുശലേമിൽ ഇങ്ങനെ കെട്ടി ജാതികളുടെ കയ്യിൽ ഏല്പിക്കും എന്നു പരിശുദ്ധാത്മാവ് പറയുന്നു എന്നു പറഞ്ഞു. (അപ്ര 21:10-11).

പൗലോസിന് യറുശലേമിൽ അഭിമുഖീകരിക്കേ ബന്ധനവും പീഢനവും എത്രയെന്ന് അത്മാവ് സാക്ഷി പറയുന്നതിന്റെ മറ്റൊരുദാഹരണമാണിത്. ''യറുശലേമിൽ പോകരുത്''എന്ന് അഗബൊസ് ആത്മാവിൽ പറഞ്ഞില്ല. ദൈവം പൗലോസിനെ യരുശലേമിൽ കൊുപോയി; അഗബൊസ് പ്രവചനത്തിൽ പറഞ്ഞ പ്രകാരമുള്ള കഷ്ടതകയുടെ പാതയിലൂടെ നടത്തി. മാസങ്ങൾക്കുമുമ്പ് പൗലോസ് ഗ്രഹിച്ച പരിശുദ്ധാത്മാവിന്റെ പ്രവചനം സത്യമെന്ന് പൗലോസ് തന്റെ അനുഭവത്തിൽ അറിഞ്ഞു. ഒരുവന് ലഭിച്ച

വാഗ്ദത്തം പ്രവചനത്തിലൂടെ ഉറപ്പ് പ്രാപിക്കുന്നു. ആ ഉറപ്പിന്റെ വെളിച്ചത്തിൽ ഒരുവന് പ്രവചനത്തെ പിൻപറ്റാം.

അഗബോസിന്റെ പ്രവചനം ദൃശ്യമായ വഴികാട്ടിയാണെന്ന് നമുക്ക് മനസ്സിലാക്കാം – കാരണം ഇത് പൗലോസിന്റെ ആത്മിക ജ്ഞാനത്തിന്നും അപ്പുറത്താണ്. ദർശനത്തിലൂടെയോ, ശബ്ദങ്ങളിലുടെയോ ദൈവം വ്യക്തമായ വഴി കാട്ടിതരുമ്പോൾ നാം സഞ്ചരിക്കേപാത നിസ്സാരമല്ലായെന്നു വെളിപ്പെടുത്തുകയാണ്. പരിശുദ്ധാത്മാവിന്റെ ദൃശ്യമായ നടത്തിപ്പിന്റെ ഉറപ്പ് ആവശ്യമാണ്. പൗലോസിനെ സംബന്ധിച്ചിടത്തോളം റോമിൽ തടവുകാരനായി അനേകവർഷം ചിലവിടുകയും ജനകൂട്ടത്താൽ മരണത്തോളം ഉപദ്രവിക്കപ്പെടുകയും ചെയ്യുമെന്ന് ഉറപ്പായിരുന്നു. പൗലോസിന് ലഭിച്ച വ്യക്തമായ ദൈവിക നടത്തിപ്പിൻ പ്രകാരം തനിക്ക് സംഭവിക്കാനുള്ളത് മുമ്പേ അറിഞ്ഞിരുന്നത്കൊു വരാനുള്ളതിനെക്കുറിച്ച് വ്യാകുലപ്പെടാതെ സമാധാനത്തോടെ അതെല്ലാം അഭിമുഖീകരിക്കാനുള്ള ശക്തിയും പ്രാപ്തിയും ലഭിച്ചു.

ഒരു വിഷയത്തിൽ പ്രകടമായ ഒരു ആത്മീക നടത്തിപ്പ് ലഭിച്ചില്ലായെങ്കിൽ ഭാരപ്പെടേ കാരണം അത് നിങ്ങൾക്ക് ആവശ്യമെങ്കിൽ ദൈവം തീർച്ചയായും നിങ്ങൾക്ക് തരും. എന്നാൽ നാം എപ്പോഴും നമ്മുടെ മനസാക്ഷിയുടെ സാക്ഷ്യത്തിനൊപ്പം പ്രവർത്തിക്കുന്നവരായിരിക്കണം

## ദൈവത്തിന്റെ ഇഷ്ടത്തിലും ചങ്ങലയിലും
## (In Chains and in God’s Will)

പൗലോസ് യറുശലേമിൽ എത്തിയപ്പോൾ അവൻ തടവിലാക്കപ്പെട്ടു ഒരിക്കൽകൂടി പൗലോസിന് യേശു ദർശനത്തിലൂടെ വഴികാട്ടിയായി.

> രാത്രിയിൽ കർത്താവ് അവന്റെ അടുക്കൽ നിന്നു: ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ചു യറുശലേമിൽ സാക്ഷികരിച്ചതുപോലെ റോമയിലും സാക്ഷികരിക്കേതാകുന്നു എന്ന് അരുളിച്ചെയ്തു (അപ്ര 23:11).

“പൗലോസ്! നിങ്ങൾ ഇവിടെ എന്ത് ചെയ്യുന്നു? നീ യറുശലേമിൽ വരരുതെന്ന് ഞാൻ മുന്നറിയിപ്പുനൽകിയിരുന്നു.” യേശു പൗലോസിനോട് ഇങ്ങനെ പറഞ്ഞുവോ? ഇല്ല. പൗലോസ് ഭാവിയിൽ ചെയ്യേതിനെക്കുറിച്ചുള്ള ഉൾക്കാഴ്ച മാസങ്ങൾക്കുമുമ്പ് പൗലോസിന് യേശു നൽകിയിരുന്നു. യേശുവിനെ സാക്ഷീകരിക്കാൻ ദൈവത്തിന്റെ ഹിതപ്രകാരം ദൈവം പൗലോസിനെ ഉപയോഗിക്കുകയായിരുന്നു. അതുപോലെ റോമിലും പൗലോസ് യേശുവിനെ സാക്ഷികരിക്കേതായിരുന്നു.

യഹൂദന്മാരുടേയും, ജാതികളുടേയും അതുപോലെ തന്നെ രാജാക്കന്മാരുടേയും മുമ്പിൽ യേശുവിനെ സാക്ഷികരിക്കാനായിരുന്നു പൗലോസിന്റെ വിളി (അപ്ര 9:15). യറുശലേമിലും കൈസര്യയിലും രാജശ്രീ ഫെസ്തോസിനോടും, അഗ്രിപ്പാരാജാവിനോടും ഫെലിക്സിനോടും സുവിശേഷം സാക്ഷ്യപ്പെടുത്താൻ പൗലോസിന് അവസരം ലഭിച്ചു. അവസാനമായി റോമൻ ചക്ര

വർത്തിയായ നീറോയോടുപോലും തന്റെ സാക്ഷ്യം പ്രസ്താവിക്കുവാൻ പ ൗലോസിന് ഭാഗ്യം ലഭിച്ചു.

## നീറോ ചക്രവർത്തിയെ കാണുവാനുള്ള മാർഗ്ഗമദ്ധ്യേ
## (On The Way to See Nero)

ഇറ്റലിയിലേക്കുള്ള കപ്പൽയാത്രാമദ്ധ്യേ പൗലോസിന് ദൈവിക സന്ദർശനവും വെളിപ്പാടും ഉായി. ഏതു തുറമുഖത്തു കപ്പൽ നങ്കൂരമിടണ മെന്ന് കപ്പിത്താനും കപ്പലുടമയും തമ്മിൽ ചിന്തിച്ചുകൊിരിക്കുമ്പോൾ പ ൗലോസിന് ദർശനം ലഭിച്ചു.

> ഇങ്ങനെ വളരെനാൾ ചെന്നശേഷം നോമ്പും കഴിഞ്ഞിരിക്കെ കപ്പ ലോട്ടം വൈഷമ്യം ആകകൊ് പൗലോസ്: പുരുഷന്മാരെ ഈ യാത്ര യിൽ ചരക്കിനും കപ്പലിനും മാത്രമല്ല നമ്മുടെ പ്രാണങ്ങൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾവരും എന്നു ഞാൻ കാണുന്നു എന്ന് അവരെ പ്രബോധിപ്പിച്ചു (അപ്ര 27:9–10).

എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് പൗലോസ് ഗ്രഹിച്ചിരുന്നു. ആത്മാവ് വെളിപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലായിരുന്നു പൗലോസിന്റെ വാക്കുകൾ.

എന്നാൽ കപ്പിത്താൻ പൗലോസിന്റെ വാക്ക് ചെവികൊള്ളാതെ മറ്റൊരു തുറമുഖത്തേക്ക് പോകാൻ തീരുമാനിച്ചു. തന്മൂലം കപ്പൽ രാഴ്ച ക്കാലം കൊടിയ കാറ്റിൽ അകപ്പെട്ടുപോയി. അപകടസന്ധി തരണം ചെയ്യാൻ നാവികർ ചരക്കുകളെല്ലാം പുറത്തെറിഞ്ഞു കളഞ്ഞു. എന്നാൽ പൗലോസിന് വീും ദൈവിക അരുളപ്പാടുായി.

> വളരെ നാളായി സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റ് അടിച്ചുകൊും ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കേയും അറ്റുപോയി. അവർ വളരെ പട്ടിണികിടന്ന ശേഷം പൗലോസ് അവരുടെ നടുവിൽ നിന്നുകൊ് പറഞ്ഞത്: പുരു ഷന്മാരേ, എന്റെ വാക്ക് അനുസരിച്ചു ക്രേത്തയിൽനിന്നു നീക്കാ തെയും ഈ കഷ്ടനഷ്ടങ്ങൾ വരുത്താതെയും ഇരിക്കേതായിരുന്നു. എങ്കിലും ഇപ്പോൾ ധൈര്യത്തോടിരിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. കപ്പലിന് അല്ലാതെ നിങ്ങളിൽ ആരുടേയും പ്രാണന് ഹാനിവരികയില്ല. എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽനിന്ന് പൗലോ സേ, ഭയപ്പെടരുത്; നീ കൈസരുടെ മുമ്പിൽ നിലക്കേതാകുന്നു; നിന്നോടുകൂടെ യാത്രചെയ്യുന്നവരെ ഒക്കേയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതുകൊുപുരുഷന്മാരെ, ധൈര്യ ത്തോടിരിപ്പിൻ: എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവി ക്കും. എന്നു ഞാൻ ദൈവത്തെ വിശ്വസിക്കുന്നു അപ്ര 27:20–26).

പൗലോസിന്റെ കഷ്ടതയിൽ പരിശുദ്ധാത്മാവ് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. ആ അഗ്നിപ രീക്ഷയ്ക്കുശേഷം പൗലോസ് കപ്പൽ ഛേദത്തിൽ അകപ്പെട്ടു. അതിനുശേഷം അണലിയുടെ ധ്വംസനമുായി (അപ്ര 27:41, 28:5).അപകടങ്ങളെ അഭിമുഖീകരി ക്കുന്നതിന് മുമ്പ് അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പുനൽകുന്ന ഒരു ദൂതൻ ഉങ്കെിൽ അത് വളരെ ശ്രേഷ്ഠമാണ്!

## പ്രായോഗികമായ ചില ഉപദേശങ്ങൾ
## (Some Practical Advice)

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനുവേി നിങ്ങളുടെ ആത്മാവിനെ ഏല്പിച്ചുകൊടുക്കുക. തുടക്കത്തിൽ ചില പോരായ്മകൾ വരാം അതാ യത് നാം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ അല്ലാത്തപ്പോഴും പ രിശുദ്ധാത്മാവാണ് നിങ്ങളെ നിയന്ത്രിക്കുന്നത് എന്ന് നമുക്ക് തോന്നാം.

അന്യഭാഷയിൽ പ്രാർത്ഥിച്ച് വചനം വായിച്ച് ശാന്തതയിൽ കുറെ സമയം ചിലവഴിക്കുവാൻ ഇത് നമ്മെ സഹായിക്കും. നാം അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആത്മാവ് പ്രാർത്ഥിക്കുന്നു, ക്രമേണ നമ്മുടെ ആത്മാവ് ചൈതന്യം പ്രാപിക്കുന്നു. നാം ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ആത്മീകമായി കൂടുതൽ ചൈതന്യം ലഭിക്കും. കാരണം ദൈവത്തിന്റെ വചനം ആത്മിക ആഹാരമാണ്.

ദൈവം നിങ്ങളെ ചില ദിശകളിലേക്ക് നിയന്ത്രിക്കും, ദൈവ ത്തിന്റെ നിയന്ത്രണം ഒരിക്കലും പിഴവുള്ളതായിരിക്കുകയില്ല. വലിയ തീരുമാ ങ്ങൾക്കായി നിരന്തരം പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ആശയങ്ങളോ വികാര ങ്ങളോ അല്ല സാക്ഷാൽ ദൈവം തന്നെ നിങ്ങളെ നിയന്ത്രിക്കുന്നതായി നിങ്ങൾക്കു മനസ്സിലാകും. ഒരുവിഷയത്തിനുവേി പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ഹൃദയസമാധാനം ലഭിക്കുന്നില്ലായെങ്കിൽ നിങ്ങൾക്കു സമാധാനം ലഭിക്കുന്നതുവരെ പ്രാർത്ഥന തുടരുക.

ദൈവികമായ ഒരു നടത്തിപ്പ് നിങ്ങൾക്കു ലഭിക്കുന്നുങ്കെിൽ നന്ന്, എന്നാൽ ഒരു ദർശനമോ, അദൃശ്യമായ ഒരു ശബ്ദമോ പ്രതീക്ഷിച്ച് അതിൽതന്നെ വിശ്വസിച്ച് ചിന്തിച്ച് ഇരിക്കരുത്. നമ്മെ ദർശനത്തിലൂടെയോ, ആദൃശ്യമായ ശബ്ദത്തിലുടെയോ നടത്താമെന്ന് ദൈവം വാഗ്ദത്തം തന്നിട്ടില്ല (ദൈവത്തിന്റെ പരമാധികാരവും ഇച്ഛയും അനുസരിച്ച് ദൈവം പ്രവർത്തിക്കും) എന്നാൽ ദൈവം നമ്മെ ആത്മീക നിലവാരത്തിൽ നടത്തു മെന്ന് നമുക്ക് പൂർണ്ണമായി വിശ്വസിക്കാം.

അവസാനമായി, ദൈവം പറഞ്ഞതിനോടു മാനുഷികമായി ഒന്നും കൂട്ടിച്ചേർക്കരുത്. നിങ്ങളുടെ ഭാവിശുശ്രൂഷയെക്കുറിച്ച് ദൈവം നിങ്ങൾക്ക് വെളിപ്പാടു തന്നിരിക്കാം, എന്നാൽ അത് ആഴ്ചകൾക്കുള്ളിൽ നടക്കണമെന്നി ല്ല, വർഷങ്ങൾതന്നെ ചിലപ്പോൾ കാത്തിരിക്കേിവരും. എന്റെ അനുഭവ ത്തിൽനിന്നാണ് ഞാൻ ഇതുപറയുന്നത്. വെറുതെ അനുമാനിക്കരുത്. പ

ഘലോസിന് തന്റെ ഭാവിയിൽ സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് പൂർണ്ണമായിട്ടല്ലായെങ്കിലും ഭാഗികമായിട്ട് അറിയാമായിരുന്നു. ദൈവം എല്ലാം പൂർണ്ണമായി വെളിപ്പെടുത്തി കൊടുക്കാറില്ല. നാം എപ്പോഴും വിശ്വാസത്തിന്റെ പാതയിൽ നടക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.